# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.832 01.03.2017-ൽ മറുപടിയ്ക്ക്

**പുരാണ പാരായണക്കാരുടെ പെൻഷൻ**

ചോദ്യം

ശ്രീ. ജി. എസ്. ജയലാൽ:

ഉത്തരം

**ശ്രീ.എ.കെ. ബാലൻ**
**പട്ടിക ജാതി പട്ടികവർഗ്ഗ**
**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**
**സാംസ്കാരികവുംപാർലമെന്ററികാര്യവും വകുപ്പ് മന്ത്രി**

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ പുരാണ പാരായണക്കാരുടെ പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനും അംശാദായം സ്വീകരിക്കുന്നതിനും എന്തെങ്കിലും നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(എ) ഇല്ല

(ബി) കഴിഞ്ഞ മൂന്ന് വർഷമായി പെൻഷനും ക്ഷേമനിധിയിൽ അംശാദായം അടയ്ക്കുന്നതിനുമായി നൽകിയ അപേക്ഷകളിൽ ബോർഡ് തീരുമാനമെടുക്കാത്തത് എന്തുകൊണ്ടാണ്;

(ബി) ക്ഷേമനിധി ബോർഡിൽ നിലവിൽ പെൻഷൻ നൽകി വരുന്ന 1974 പേരിൽ 417 പേർ പുരാണപാരായണക്കാരാണ് (അതായത് ഏകദേശം 21%). കഴിഞ്ഞ കാലങ്ങളിലും നിലവിലുമായി 2500 ൽ പരം പുരാണ പാരായണക്കാരുടെ അപേക്ഷകൾ മാത്രം ക്ഷേമനിധി ബോർഡിൽ ലഭിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം ആൾക്കാരുടെ അപേക്ഷകൾ മതിയായ രേഖകൾ ഇല്ലാത്തവയാണ്. മതിയായ രേഖകൾ ഇല്ലാതെ അപേക്ഷകൾ കൂടുതലായി വരുന്ന സാഹചര്യത്തിൽ യഥാർത്ഥ കലാകാരന്മാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അനർഹർക്ക് ലഭിക്കുന്നില്ലാ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിൽ കാലതാമസം ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതാണ്.

(സി) പുരാണ പാരായണക്കാർ പെൻഷന് അർഹരല്ല എന്ന് ബോർഡ് ചെയർമാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇല്ല .

അങ്ങനെയെങ്കിൽ 2010 ലെ
കേരള സാംസ്കാരിക
പ്രവർത്തക ക്ഷേമനിധി ആക്ട്
പ്രകാരം ആയത്
സാധുതയുള്ളതാണോ;

(ഡി) ഈ വിഷയത്തിന്മേൽ സർക്കാർ ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

(ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ